# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.847** **04.03.2020 ലെ മറുപടി**

## കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ വി.സി.ബി. നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആബിദ് ഹുസൈൻ തങ്ങൾ :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെട്ടിയാംകുണ്ട് മാപ്പിളായ എന്ന സ്ഥലത്ത് വി.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിലെ പൈങ്കണ്ണൂർ മേഖലയിലെ ചെട്ടിയാം കുണ്ടു - മാപ്പിളായ സ്ഥലത്ത് VCB നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക പരിശോധനകൾ നടന്നു വരുന്നു . എന്നാൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന ഭൂമിയുടെ ആയകെട്ട് ലിസ്റ്റും ആയകെട്ട് മാപ്പും ലഭിക്കേണ്ടതുണ്ട്. ആയതു ലഭ്യമാക്കുന്നതിന് കുറ്റിപ്പുറം വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട് . ആയകെട്ട് ലിസ്റ്റും ആയകെട്ട് മാപ്പും ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. |
| (ബി) ഇരിമ്പിളിയം, കുറ്റിപ്പുറം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മങ്കേരി പൈങ്കണ്ണൂർ പാടശേഖരത്തിലേയ്ക്ക് ജലം എത്തിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ; | (ബി) മങ്കേരി, പൈങ്കണ്ണൂർ പാടശേഖരത്തിലേക്കു ജല മെത്തിക്കുന്ന പദ്ധതിക്കുവേണ്ടി ,സാധ്യതാ പഠനം നടത്തി ജല ലഭ്യതയും പ്രയോഗികതയും ഉറപ്പ് വരുത്തേണ്ടതുണ്ട്. പ്രസ്തുത പഠനത്തിന്റെ പ്രവർത്തനങ്ങൾ പ്രാഥമിക ഘട്ടത്തിലാണ്. |
| (സി) ചെട്ടിയാംകുണ്ട്-മാപ്പിളായ വി.സി.ബി.യുടെ നിർമ്മാണത്തിനും മങ്കേരി-പൈങ്കണ്ണൂർ പദ്ധതിയിലേയ്ക്ക് വെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികൾക്കും ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) ചെട്ടിയാം കുണ്ടു - മാപ്പിളായ സ്ഥലത്ത് വി.സി.ബി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ആയകെട്ട് ലിസ്റ്റും ആയകെട്ട് മാപ്പും ലഭ്യമാകുന്ന മുറയ്ക്കും , മങ്കേരി പൈങ്കണ്ണൂർ പാടശേഖരത്തിലേക്കു ജലമെത്തിക്കുന്ന പദ്ധതിക്കുവേണ്ടി ,സാധ്യതാ പഠനം നടത്തി ജല ലഭ്യതയും പ്രയോഗികതയും ഉറപ്പ് വരുത്തിയതിനു ശേഷവും, വിശദമായ പ്രോജെക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**